LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 2014-15-ലെ ബഡ്ജറ്റിൽ ഉറമുഖ വകുപ്പിൽ 19-ഉം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 4-ഉം ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിൽ 8-ഉം ഉൾപ്പെടെ മൊത്തം 31 പരിപാടികളാണ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്നത്. ഓരോ പരിപാടികൾക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദ വിവരങ്ങളും പ്രസ്തുത പരിപാടികൾക്കായി നാളിതുവരെ ചെലവാക്കിയ തുകയുടെ വിശദവിവരവും അനുബന്ധമായി ചേർക്കുന്നു.*

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുമതി നല്കിയ മരാമത്ത് പണികൾ

107 (112) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 2013-14, 2014-15 വർഷങ്ങളിൽ ഭരണാനുമതി നൽകിയ മരാമത്ത് പണികളുടെ പേര് വിവരം, അടങ്കൽ തുക എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഇതിൽ നാളിതുവരെ ആരംഭിച്ച പണികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

(സി) പണി ആരംഭിക്കാത്തത് ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൊല്ലം പരവൂരിലെ മിനി ഫിഷിംഗ് ഹാർബർ

108 (113) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിലെ തെക്കുംഭാഗം എന്ന സ്ഥലത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്കായി നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ ആവശ്യത്തിനാണെന്നും വ്യക്തമാക്കുമോ; നാളിതുവരെ നടന്ന പഠനങ്ങളുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പരവൂർ തെക്കും ഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ ;

(ഡി) മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്കായി കഴിഞ്ഞ 5 വർഷമായി പ്രാരംഭ നടപടികൾ ആരംഭിച്ചുവെങ്കിലും ആയത് പൂർത്തീകരിക്കുവാൻ കാലതാമസം വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയും വേഗം നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ സൗത്ത് പരവൂരിൽ ഒരു മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് 40 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 30-3-13-ന് നൽകിയതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. മാതൃകാ പഠനം നടത്തുന്നതിന് സി.ഡബ്ല്യു.പി.ആർ.എസ്., പൂനെ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാതൃകാ പഠനം പുരോഗമിക്കുന്നു.

(ബി) മാതൃകാപഠനം നടത്തുന്നതിന് സി.ഡബ്ല്യു.പി.ആർ.എസ്., പൂനെ എന്ന സ്ഥാപനത്തിന് 31,99,980 രൂപ നൽകിയിട്ടുണ്ട്. 4.50 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഏർപ്പാടാക്കിയിട്ടുണ്ട്. അതിൽ 2 ലക്ഷം രൂപ ചെലവാക്കിയിട്ടുള്ളതും ബാക്കി 2.50 ലക്ഷം രൂപയ്ക്ക് ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കേണ്ടതുമുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. മാതൃകാ പഠനം പുരോഗമിക്കുന്നു.

(സി) മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കൊല്ലം ജില്ലയിലെ സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്ക് 12 ലക്ഷം രൂപയുടെ ഭരണാനുമതി 26-12-2008-ലും 40 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 30-3-2013-ലും നൽകിയതനുസിരച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന പൂർത്തീകരിച്ചിട്ടുണ്ട്. സി.ഡബ്ല്യു.പി.ആർ.എസ്. പൂനെ എന്ന സ്ഥാപനം മുഖേന മാതൃകാ പഠനം പുരോഗമിക്കുന്നു. മാതൃകാപഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം പാരിസ്ഥിതിക പഠനം നടത്തേണ്ടതുണ്ട്. ടി പഠനം അക്രഡിറ്റഡ് ഏജൻസി മുഖേന മാത്രമേ നടത്താൻ പറ്റൂ എന്ന നിബന്ധനയുള്ളതിനാൽ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് മാത്രമേ ടി പഠനം നടത്തുന്നതിന് സാധിക്കൂ. ടി പരിസ്ഥിതി പഠന റിപ്പോർട്ടും CESS-ൽ നിന്നുള്ള CRZ സ്റ്റാറ്റസ് റിപ്പോർട്ടും പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും ലഭ്യമാക്കി ടി

LIBRARY ARCHIVES Kerala Legislative Assembly

ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചതിനുശേഷം വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി ഭരണാനുമതിക്കായി നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. മേൽപ്പറഞ്ഞ ഓരോ പഠനങ്ങൾക്കും അതിന്റേതായ നടപടി ക്രമങ്ങൾക്കും നിശ്ചിത സമയം ആവശ്യമായതിനാലാണ് പദ്ധതി നിർമ്മാണത്തിന് കാലതാമസം നേരിടുന്നത്.

ഹാർബർ എഞ്ചിനീയറിംഗ്

109 (114) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികളുടെ പേരും, അതിന് വേണ്ടി നീക്കിവച്ച തുകകളും അവ ഓരോന്നിനും ചെലവഴിച്ച തുകകൾ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) നാളിതുവരെ പൂർത്തീകരിച്ച പണികൾ ഏതെല്ലാം;

(സി) പൂർത്തിയാകാത്ത പണികൾ ഓരോന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

മാവേലിക്കര മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പ്രവർത്തനങ്ങൾ

110 (115) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് മുഖാന്തരം ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാന ഫിഷറീസ് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന മാർക്കറ്റ് നവീകരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നിലവിൽ ഭരണാനുമതി ലഭ്യമായിട്ടുള്ള മാർക്കറ്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly